"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/ബി3-7100/17

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 4-1-2018

വനിതാ ശിശു വികസന ഡയറക്ടർ.

എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - പോഷകാഹാര വാരാചരണം - സംസ്ഥാതല മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : 29-11-17-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. THR ന്യൂട്രിമിക്സ് സംസ്ഥാനതല പാചക മത്സരം ജനുവരി 24-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ജില്ലാതല വിജയികൾ അന്നേ ദിവസം രാവിലെ 9 മണിയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിലെ ഹോംസയൻസ് ഡിപ്പാർട്ട്മെന്റിൽ എത്തിച്ചേരണമെന്ന അറിയിപ്പ് നൽകേണ്ടതാണ്. അന്നേ ദിവസം വൈകുന്നേരം തിരുവനന്തപുരത്ത് വച്ച് നടക്കുന്ന children fest-ന്റെ സമാപന ചടങ്ങിൽ വച്ച് വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മത്സരത്തിന്റെ നിബന്ധനകൾ ജില്ലാതല വിജയികളെ അറിയിക്കേണ്ടതാണ്. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാനായി ജില്ലാതല വിജയികൾ അവരുടെ പേര്, മേൽവിലാസം, ബാങ്ക് അക്കൗണ്ട് details, നമ്പർ, IFSC code എന്നിവ അടങ്ങുന്ന പ്രോഗ്രാം ഓഫീസറുടെ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി.

ഉള്ളടക്കം ; നിബന്ധനകൾ

ജികെ/ 6-1-18

## സംസ്ഥാനതല പാചക മൽസരം - നിബന്ധനകൾ

1. സംസ്ഥാനതലത്തിൽ ഒരു മൽസരമായിരിക്കും നടത്തുക.
2. മൽസരാർത്ഥികൾ THR Nutrimix ഒഴികെയുള്ള ചേരുവകളും പാചകം ചെയ്യാനുള്ള പാത്രങ്ങളും കൊണ്ടു വരേണ്ടതാണ്.
3. ഇലക്ട്രിക് ഉപകരണങ്ങൾ (മിക്സി,ഓവൻ, ഫുഡ് പ്രൊസസർ തുടങ്ങിയവ) ഉപയോഗിക്കുവാനുള്ള അനുമതി ഉണ്ടായിരിക്കുന്നതല്ല.
4. ഒരു മൽസരാത്ഥിക്ക് പരമാവധി 1 kg nutrimix ഉപയോഗിക്കാം.
5. മുൻകൂട്ടി തയ്യാർ ചെയ്ത സാമഗ്രികൾ മൽസരത്തിൽ അനുവദിക്കുന്നതല്ല. പാചകത്തിന്റെ മുന്നൊരുക്കങ്ങൾ മൽസര വേദിയിൽ വച്ചു മത്രം ചെയ്യേണ്ടതാണ്.
6. പാചകത്തിന്റെ മുന്നൊരുക്കങ്ങൾക്കായി 30 മിനിറ്റും പാചകം, presentation, വൃത്തിയാക്കൽ എന്നിവയ്ക്കായി 1 1/2 മണിക്കൂറും അനുവദിക്കുന്നതാണ്.
7. രണ്ടു വയസ്സുള്ള കുട്ടിയ്ക്ക് അനുയോജ്യമായ രണ്ട് പലഹാരങ്ങളാണ് (snack) മൽസരത്തിൽ പാകം ചെയ്യേണ്ടത്. ഒരു മധുര പലഹാരവും ഒരു മധുരമില്ലാത്ത പലഹാരവും തയ്യാറാക്കേണ്ടതാണ്. വിധികർത്താക്കളുടെ പരിഗണനയ്ക്കായി രണ്ട് വിഭവങ്ങൾ മാത്രമേ നൽകുവാൻ അനുവദിക്കു കയുള്ളു.
8. തയ്യാറാക്കുന്ന വിഭവങ്ങളിൽ 50% ലേറെ nutrimix അടങ്ങിയിരിക്കണം.
9. എണ്ണയിൽ വറുത്തെടുക്കുന്ന വിഭവങ്ങൾ മൽസരത്തിൽ ഒഴിവാക്കേണ്ടതാണ്.
10. പോഷണത്തിന്റെ അളവ്, കുട്ടികൾക്ക് ഇഷ്ടമാകുന്ന രുചി, ഉണ്ടാക്കു വാനുള്ള എളുപ്പം, ചിലവ് കുറവ്, നവീനമായ ആശയങ്ങൾ, വിഭവങ്ങൾ പ്രദർശിപ്പിക്കുന്നതിലെ മികവ് തുടങ്ങി മാനദണ്ഡങ്ങൾ പ്രകാരമായിരിക്കും വിജയിയെ തിരഞ്ഞെടുക്കുന്നത്.
11. വിഭവത്തിന്റെ വിശദമായ പാചകക്കുറിപ്പ് വിഭവത്തോടൊപ്പം പ്രദർശിപ്പിക്കേണ്ടതാണ്.

Gk/ 12-10-17